ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.10.2024** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. കിസാൻ സമ്മാൻ നിധിയുടെ 18-ാം ഗഡുവിന്റെ വിതരണോദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് മഹാരാഷ്ട്രയിൽ നിർവഹിക്കും.

   **Prime Minister Narendra Modi will inaugurate the distribution of the 18th installment of Kisan Samman Nidhi in Maharashtra today.**

2. ഹരിയാനയിൽ ഇന്ന് വിധിയെഴുത്ത് ; 90 അംഗ നിയമസഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് ആരംഭിച്ചു ; 1,031 സ്ഥാനാർത്ഥികൾ മത്സരരംഗത്ത്.

   **Haryana verdict today; Voting for the 90-member assembly election has begun; 1,031 candidates are in the fray.**

3. ഇന്ത്യൻ റെയിൽവേയെ സ്വകാര്യവത്ക്കരിക്കില്ലെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.

   **Union Minister for Railways Ashwini Vaishnav has asserted that the railway will not be privatised under any circumstances.**

4. കേരളത്തിൽ പുതിയ 30 സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവഹിക്കും.

   **Chief Minister Pinarayi Vijayan will inaugurate 30 new school buildings in Kerala today.**

5. എംപോക്സ് രോഗനിർണയ പരിശോധനയ്ക്ക് അംഗീകാരം നൽകി ലോകാരോഗ്യ സംഘടന.

   **The World Health Organization has announced that it has approved the first diagnostic test for Monkeypox disease.**

6. വനിതാ ട്വന്റി-20 ലോകകപ്പിൽ ഇന്ത്യയ്ക്ക് നിരാശയോടെ തുടക്കം; ISL ഫുട്ബോളിൽ ഇന്ന് രണ്ട് മത്സരങ്ങൾ.

**In the Women's T20 Cricket World Cup, India lost to New Zealand; Two matches today in ISL football.**

******************************************************

**HEADLINE-1**

## PM - MAHARASHTRA

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് മഹാരാഷ്ട്രയിൽ കിസാൻ സമ്മാൻ നിധിയുടെ 18-ാംം ഗഡു വിതരണോദ്ഘാടനം ഉൾപ്പെടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും. രാജ്യത്തുടനീളമുള്ള 9.4 കോടി കർഷകർക്ക് 20,000 കോടിയിലധികം രൂപയാണ് ലഭിക്കുക. കാർഷിക-മൃഗസംരക്ഷണ മേഖലകളുമായി ബന്ധപ്പെട്ട 23,300 കോടി രൂപയുടെ വിവിധ സംരംഭങ്ങൾക്കും പ്രധാനമന്ത്രി വാഷിമിൽ തുടക്കം കുറിക്കും. ബഞ്ജാര സമുദായത്തിന്റെ സമ്പന്നമായ പൈതൃകം ഉൾക്കൊള്ളുന്ന ബഞ്ജാര പൈതൃക മ്യൂസിയം അദ്ദേഹം ഉദ്ഘാടനം ചെയ്യും. താനെയിൽ 32,800 കോടി രൂപയുടെ വിവിധ പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിക്കും.

*********************************

## PM KAUTILYA ECONOMIC CONCLAVE (INTRO)

ഇന്ത്യ, അഞ്ച് അർദ്ധചാലക പ്ലാന്റുകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉടൻ സ്ഥാപിക്കുമെന്നും 'മെയ്ഡ് ഇൻ ഇന്ത്യ' ചിപ്പുകൾ ലോകത്തിന് ലഭ്യമാക്കുമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിൽ കൗടില്യ ഇക്കണോമിക് കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

മൊബൈൽ ഫോണുകളുടെ ഇറക്കുമതിക്കാരെന്ന നിലയിൽ നിന്ന് ഇന്ത്യ ഒരു നിർമ്മാതാവായി മാറിയെന്നും ശ്രീ മോദി പറഞ്ഞു. ഇന്ത്യയിൽ എല്ലാ മേഖലയിലും ധാരാളം നിക്ഷേപ അവസരങ്ങളുണ്ട്. ആഗോള അടിയന്തരാവസ്ഥയ്ക്കിടയിലാണ് ഇന്ത്യൻ യുഗം ചർച്ച ചെയ്യപ്പെടുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഫിൻടെക് അഡോപ്ക്ഷൻ നിരക്കിൽ ഇന്ത്യ ഒന്നാം സ്ഥാനത്താണ്. ഇരുചക്രവാഹനങ്ങളുടെയും ട്രാക്ടറുകളുടെയും ഏറ്റവും വലിയ നിർമ്മാതാക്കളും മൊബൈൽ ഫോണുകളുടെ രണ്ടാമത്തെ വലിയ നിർമ്മാതാക്കളുമാണ് ഇന്ത്യ. ഇന്ത്യയുടെ പുരോഗതിക്കായി കൂടുതൽ പരിഷ്കാരങ്ങൾ കൊണ്ടുവരാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

**********************************

HEADLINE-2

**HARYANA-ASSEMBLY POLLS**

ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് ആരംഭിച്ചു. 90 അംഗ നിയമസഭയിലേക്ക് ഒറ്റ ഘട്ടമായുള്ള വോട്ടെടുപ്പാണ് ഇന്ന് രാവിലെ ഏഴ് മണിയോടെ ആരംഭിച്ചത്. വൈകുന്നേരം ആറു മണിവരെയാണ് പോളിങ്. 1,031 സ്ഥാനാർത്ഥികളാണ് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നത്. രണ്ട് കോടി മൂന്ന് ലക്ഷം വോട്ടർമാർ സമ്മതിദാന അവകാശം വിനിയോഗിക്കും. 20,632 പോളിങ് ബൂത്തുകളാണ് സജ്ജീകരിച്ചിട്ടുള്ളത്. ബൂത്തുകളിൽ സുരക്ഷ ശക്തമാക്കി. വെബ് കാസ്റ്റിങ് ഉൾപ്പെടെയുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. വോട്ടെണ്ണൽ ജമ്മുകശ്മീരിനൊപ്പം ഈ മാസം 8 ന് നടക്കും.

**********************************

## AMIT SHAH - DRUGS

കഴിഞ്ഞ 10 വർഷത്തിനിടെ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ ഏജൻസികൾ രാജ്യവ്യാപകമായി അഞ്ചു ലക്ഷത്തി 43,600 കിലോ മയക്കുമരുന്ന് പിടികൂടിയതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. യുവതലമുറയെ സംരക്ഷിക്കാനും ലഹരി വിമുക്ത ഇന്ത്യയെന്ന ലക്ഷ്യം കൈവരിക്കാനുമാണ് കേന്ദ്ര സർക്കാർ ശ്രമമെന്ന് ശ്രീ അമിത് ഷാ ഗുജറാത്തിൽ പറഞ്ഞു.

**********************************

## REV CHHATTISGARH MAOISTS

ഛത്തീസ്ഗഢിലെ നാരായൺപൂർ ജില്ലയിലുണ്ടായ ഏറ്റുമുട്ടലിൽ സുരക്ഷാസേന 28 മാവോയിസ്റ്റുകളെ വധിച്ചു. അബുജ്മദ് മേഖലയിൽ ഇന്നലെ ഉച്ചയോടെയാണ് ഏറ്റുമുട്ടലുണ്ടായത്. പ്രദേശത്ത് മാവോയിസ്റ്റ് സാന്നിധ്യമുണ്ടെന്ന ഇന്റലിജൻസ് വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ തിരച്ചിലിനിടെയായിരുന്നു ഏറ്റുമുട്ടൽ. നിരവധി ആയുധങ്ങളും കണ്ടെടുത്തിട്ടുണ്ട്.

**********************************

## REV.FOREX RESERVES

ചൈന, ജപ്പാൻ, സ്വിറ്റ്സർലൻഡ് എന്നിവയ്ക്കൊപ്പം 700 ബില്യൺ യുഎസ് ഡോളർ വിദേശ കരുതൽ ശേഖരം കവിയുന്ന, ലോകത്തിലെ നാലാമത്തെ സമ്പദ്വ്യവസ്ഥയായി ഇന്ത്യ. സെപ്റ്റംബർ 27ന് അവസാനിച്ച ആഴ്ചയിൽ ഇന്ത്യയുടെ വിദേശനാണ്യ കരുതൽ ശേഖരം 12.588 ബില്യൺ ഡോളർ ഉയർന്ന് 704.885 ബില്യൺ ഡോളറിലെത്തി. ഇന്ത്യയുടെ സ്വർണ്ണ ശേഖരം 2.184 ബില്യൺ ഉയർന്ന് 65.796 ബില്യൺ ഡോളറായി.

*********************************

## MEA-MALDIVES

മാൽദ്വീവ്സ് പ്രസിഡന്റ് മൊഹാമ്മദ് മുയിസുവിന്റെ നാല് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിന് മറ്റന്നാൾ തുടക്കമാകും. മുയിസുവിന്റെ ആദ്യ ഉഭയകക്ഷി സന്ദർശനമാണ് ഇതെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാവൾ പറഞ്ഞു. മറ്റന്നാൾ ഇന്ത്യയിലെത്തുന്ന മുയിസു, ബംഗളൂരുവിലെയും മുംബൈയിലേയും വ്യവസായ സമ്മേളനങ്ങളിലും പങ്കെടുക്കും.

*********************************

HEADLINE-3

## REV. MAHA-ASHWINI VAISHNAV

ഇന്ത്യൻ റെയിൽവേയെ ഒരു കാരണവശാലും സ്വകാര്യവത്ക്കരിക്കില്ലെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. രാജ്യത്തെ പാവപ്പെട്ടവരുടെയും ഇടത്തരക്കാരുടെയും യാത്രാ മാർഗ്ഗമാണ് റെയിൽവെ അതിനാൽ ഗവേഷണം, സുരക്ഷ, മാനവ വിഭവശേഷി എന്നിവയിൽ ഊന്നൽ നൽകിയാണ് കേന്ദ്ര സർക്കാർ മുന്നോട്ടു പോകുന്നതെന്ന് അദ്ദേഹം പറഞ്ഞു.

*********************************

## REV EVE RAJNATH SIDM (INTRO)

ഇന്ത്യയെ ആഗോള ഉൽപ്പാദന കേന്ദ്രമാക്കുന്നതിനൊപ്പം പ്രതിരോധ വ്യവസായത്തെ കയറ്റുമതി അധിഷ്ഠിതമാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ സൊസൈറ്റി ഓഫ് ഇന്ത്യൻ ഡിഫൻസ് മാനുഫാക്ചറേഴ്സിന്റെ ഏഴാമത് വാർഷിക പൊതുയോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സൈബർ പ്രതിരോധം, സ്വയംഭരണ സംവിധാനങ്ങൾ തുടങ്ങിയ അത്യാധുനിക സാങ്കേതിക വിദ്യകളിൽ നിക്ഷേപം വർധിപ്പിക്കണമെന്ന് രാജ്യരക്ഷാമന്ത്രി ആവശ്യപ്പെട്ടു.

**********************************

**HEADLINE-4**

## CM SCHOOL - KERALA

കേരളത്തിൽ വിവിധ ജില്ലകളിലായി പുതുതായി നിർമ്മിച്ച 30 സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവഹിക്കും. 12 പുതിയ കെട്ടിടങ്ങളുടെ തറക്കല്ലിടലും ഇന്ന് നടക്കും. ഹൈടെക് ക്ലാസ് മുറികളുമായി ആധുനിക രീതിയിൽ നിർമ്മിച്ച കെട്ടിടങ്ങളാണ് മുഖ്യമന്ത്രി ഇന്ന് നാടിന് സമർപ്പിക്കുക.

**********************************

**HEADLINE-5**

## WHO-MPOX

മങ്കിപോക്സ് രോഗത്തിനുള്ള ആദ്യ രോഗനിർണയ പരിശോധനയ്ക്ക് അംഗീകാരം നൽകിയതായി ലോകാരോഗ്യ സംഘടന. വേഗത്തിലും കൃത്യവുമായ പരിശോധനയ്ക്കും എംപോക്സ് സ്ഥിരീകരിച്ച രാജ്യങ്ങളിൽ അടിയന്തര ഉപയോഗത്തിനും ഇത് പ്രയോജനം ചെയ്യും. ഇതുവരെ, ആഫ്രിക്കയിൽ എംപോക്സ് ബാധിച്ച് 800-ലധികം പേർ മരിച്ചു, 30,000-ത്തിലധികം കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 16 ആഫ്രിക്കൻ രാജ്യങ്ങളിൽ രോഗം കണ്ടെത്തി. കോംഗോയിലാണ് സ്ഥിതി രൂക്ഷം.

**********************************

**HEADLINE-6**

## WOMENS T-20

വനിതാ ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യയ്ക്ക് നിരാശയോടെ തുടക്കം. ടൂർണമെന്റിലെ ആദ്യ മത്സരത്തിൽ ന്യൂസിലന്റിനോട് 58 റൺസിനാണ് ഇന്ത്യ പരാജയപ്പെട്ടത്. മുൻ നിര ബാറ്റർമാർക്കാർക്കും മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ സാധിക്കാത്തതാണ് ഇന്ത്യയെ തോൽവിയിലേക്ക് നയിച്ചത്. ടൂർണമെൻറിൽ ഇന്ന് 3.30 ന് നടക്കുന്ന മത്സരത്തിൽ ഓസ്ട്രേലിയ, ശ്രീലങ്കയുമായി ഏറ്റുമുട്ടും.

********************************

**HEADLINE-6a**

## ISL

ISL ഫുട്ബോളിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകുന്നേരം 5.30 ന് ജംഷഡ്പൂരിൽ നടക്കുന്ന ആദ്യമത്സരത്തിൽ ജംഷഡ്പൂർ എഫ് സി- ഈസ്റ്റ് ബംഗാളിനെ നേരിടും. 7.30 ന് കൊൽക്കത്തയിൽ നടക്കുന്ന രണ്ടാം മത്സരത്തിൽ മോഹൻ ബഗാൻ-മൊഹമ്മദൻ എസ് സിയുമായി ഏറ്റുമുട്ടും.

********************************

## RAIN ALERT

കേരളത്തിൽ ഇടിമിന്നലോടു കൂടിയ മഴ തുടരും. ഇന്ന് മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകൾക്ക് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി. ബംഗാൾ ഉൾക്കടലിലെ ചക്രവാത ചുഴിയുടെ പ്രഭാവത്താലാണ് സംസ്ഥാനത്ത് മഴ തുടരുന്നത്.

********************************

## UN ANTI-TERRORISM PACT

ഭീകരവാദത്തിനെതിരായി അന്താരാഷ്ട്ര ഉടമ്പടി കൊണ്ടുവരണമെന്ന ആവശ്യം ശക്തമാക്കി ഇന്ത്യ. 30 വർഷം മുമ്പ് ഇന്ത്യ മുന്നോട്ടുവയ്ച്ച ഉടമ്പടി ഉൾപ്പെടെ കൊണ്ടുവരണമെന്നാണ് ഇന്ത്യ ആവശ്യപ്പെട്ടത്. ഭീകരവാദ സംഘടനകൾ ശക്തിപ്പെടുന്നതായും ഡ്രോൺ ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യകൾ ഭീകരപ്രവർത്തനത്തിനായി ഉപയോഗിക്കുന്നതായും യുഎൻ പൊതു സഭയിലെ ഇന്ത്യയുടെ നിയമ ഓഫിസർ ആർ മൈഥിലി പറഞ്ഞു.

**********************************

## ISRAEL-WEST BANK

ഇസ്രയേലി വ്യോമ ആക്രമണത്തിൽ തൽക്രാമിലെ വെസ്റ്റ്ബാങ്കിൽ 18 പേർ കൊല്ലപ്പെട്ടു. പലസ്തീൻ ആരോഗ്യമന്ത്രാലയമാണ് മരിച്ചവരുടെ എണ്ണം പുറത്തുവിട്ടത്. അഭയാർത്ഥി ക്യാമ്പിനുള്ള കഫേയിലാണ് ആക്രമണം നടന്നതെന്ന് വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്യുന്നു.

**********************************

## ISRAEL-HEZBOLLAH

കഴിഞ്ഞ നാലു ദിവസത്തിനിടെ ദക്ഷിണ ലബനനിൽ 250 ഹിസ്ബുള്ള ഭീകരരെ വധിച്ചതായും 2000 കേന്ദ്രങ്ങൾ തകർത്തതായും ഇസ്രയേൽ പ്രതിരോധ സേന. അതേസമയം മരിച്ചവരുടെ എണ്ണം ഹിസ്ബുള്ള ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ല. അതിനിടെ ഇസ്രായേലിന് മുന്നറിയിപ്പുമായി ഇറാൻ പരമോന്നത നേതാവ് ആയത്തുള്ള ഖമേനി രംഗത്തെത്തി. ഇറാന്റെ ആക്രമണങ്ങളെ ന്യായീകരിച്ച ഖമേനി, ഇസ്രയേലിനെതിരെ ആക്രമണം ശക്തമാക്കുമെന്ന് മുന്നറിയിപ്പ് നൽകി. ടെഹ്റാനിലെ പള്ളിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു ഖമേനി. 2020 നു ശേഷം ഇതാദ്യമായാണ് ഖമേനി ഇത്തരത്തിലൊരു പൊതു പ്രഭാഷണം നടത്തുന്നത്.

*********************************

# WORLD TEACHERS DAY

ലോകമെമ്പാടുമുള്ള അധ്യാപകർക്ക് ആദരവുമായി ഇന്ന് ലോക അധ്യാപക ദിനം. 1994 മുതൽ എല്ലാ വർഷവും ഒക്ടോബർ 5 നാണ് ലോക അധ്യാപക ദിനം ആചരിക്കുന്നത്.

*

***************

***************************************************